'ഭരണഭാഷ-മാതൃഭാഷ'

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് – ജീവനകാര്യം – സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് -I/II - തസ്തികകൾ മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സ.ഉ.(സാധാ) 475/2015/ആ.സാ.വ. തീയതി 13/11/2015 നമ്പർ ഉത്തരവ്.

2) 29/03/2017 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.96/2016 നമ്പർ വിധിന്യായം.

3) സ.ഉ (സാധാ) 346/2017/ആ.സാ.വ തീയതി 03/06/2017 നമ്പർ കത്ത്.

4) 09/01/2018 ലെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഇ1-73/2018/ഡിഇഎസ്ഡബ്ല്യു നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ.എ.(1)24408/2014/ഡി.ഇ.എസ് (1) തീയതി 16/01/2018**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/II തസ്തികയിലെ വലിയ അന്തരം ലഘൂകരിക്കുന്നതിനായി വയനാട് ജില്ലയിൽ നിന്നും 9 സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികകൾ കോട്ടയം ജില്ലയിലേക്കും, ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക ഡയറക്ടറേറ്റിലേക്കും പകരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക യഥാക്രമം കോട്ടയം ജില്ലയിൽ നിന്നും 9 തസ്തികകളും, ഡയറക്ടറേറ്റിൽ നിന്നും ഒരു തസ്തികയും വയനാട് ജില്ലയിലേക്ക് മാറ്റി നിയമിക്കുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശം (4) പ്രകാരം വയനാട് ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ശ്രീ.കൃഷ്ണപ്രസാദ്.എ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത വിവരം ഈ ആഫീസിൽ അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം വയനാട് ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ നിലവിൽ ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ നിലവിലുള്ള ഒരു സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക കോട്ടയം ജില്ലയിലേക്കും, കോട്ടയം ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ശ്രീമതി.സിന്ധു.പി.നായർക്ക് സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്നുണ്ടായ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്കും മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

**ഒപ്പ്**
**ജ്യോതി.കെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, കോട്ടയം / വയനാട്.
2) ഇ.എ (4) / ഗ്രഡേഷൻ / ഇഎ(3)/ബഡ്ജറ്റ് വിഭാഗം
3) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

PM